**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3212** **25.6.2012 ൽ മറുപടിയ്ക്ക്**

**ജനസമ്പർക്ക പരിപാടി**

**ചോദ്യം**
**ശ്രീ. അൻവർ സാദത്ത്**

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

**മറുപടി**
**ശ്രീ. ഉമ്മൻചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്ത് ഒട്ടാകെ **5 ലക്ഷത്തിലധികം** പരാതികൾ ലഭിച്ചതിൽ **3,99,656** പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ.കാർഡ്, വീടു വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ഇനി അവശേഷിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തിര തീർപ്പു കല്പിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ റവന്യൂ വകുപ്പിനും, ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും/വീടുവയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ